# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -216 08.06.2015 ൽ മറുപടിയ്ക്ക്

## നിയമസഭാ സാമാജികരിൽ നിന്ന് ലഭിച്ച പരാതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ധനമന്ത്രിസംസ്ഥാന ബഡ്ജറ്റ് അവതരിപ്പിക്കരുതെന്ന നിലപാടിന്റെ ഭാഗമായി 13.03.2015-ന് നിയമസഭയിൽ പ്രതിഷേധിച്ച പ്രതിപക്ഷ അംഗങ്ങളെ ചില യു.ഡി.എഫ്. എം.എൽ.എ. മാരും വാച്ച് ആന്റ് വാർഡും മർദ്ദിക്കുകയും അപമാനിക്കുകയും ചെയ്തുവെന്ന് കാണിച്ച സംസ്ഥാന പോലീസ് മേധാവിക്ക് ഏതെല്ലാം നിയമസഭാ സാമാജികരിൽ നിന്ന് പരാതി ലഭിച്ചിട്ടുണ്ട് ; | (എ) | ശ്രീ.ശിവൻകുട്ടി, എം.എൽ.എ.,<br>ശ്രീ.റ്റി.വി.രാജേഷ്, എം.എൽ.എ.,<br>ശ്രീ.എളമരം കരീം, എം.എൽ.എ.,<br>ശ്രീ.രാജു എബ്രഹാം, എം.എൽ.എ.,<br>ശ്രീമതി.ജമീലാ പ്രകാശം, എം.എൽ.എ.,<br>ശ്രീമതി.ഐഷാ പോറ്റി, എം.എൽ.എ.,<br>ശ്രീമതി.കെ.എസ്.സലീഖ, എം.എൽ.എ.,<br>ശ്രീമതി.ബിജിമോൾ, എം.എൽ.എ.,<br>ശ്രീമതി.കെ.കെ.ലതികഎം.എൽ.എ.,<br>ശ്രീമതി.ഗീത ഗോപി എം.എൽ.എ. എന്നിവരിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | എം.എൽ.എ. മാരിൽ നിന്ന് ലഭിച്ച പരാതികളിന്മേൽ ഡി.ജി.പി. സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (ബി)<br>&<br>(സി) | ഈ വിഷയവുമായി ബന്ധപ്പെട്ട ഒരു കേസ്സ് ക്രൈംബ്രാഞ്ചിന്റെ അന്വേഷണത്തിലായതിനാൽ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ എം.എൽ.എ.മാരുടെ പരാതികളും ക്രൈംബ്രാഞ്ചിനു കൈമാറിയിട്ടുണ്ട്. പരാതി സംഗതികൾ നിയമസഭാ സാമാജികർക്കുള്ള പ്രിവിലേജുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ബഹു.സ്പീക്കറുടെ ശ്രദ്ധ കൂടി ആവശ്യമായ സാഹചര്യം കണക്കിലെടുത്ത് സംസ്ഥാന പോലീസ് മേധാവി ഈ വിഷയം സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട് ആയത് പരിശോധിച്ചു വരുന്നതേയുള്ളൂ.<br>ശ്രീമതി. ബിജിമോൾ എം.എൽ.എ. 20/3/2015-ൽ സംസ്ഥാന പോലീസ് മേധാവിയ്ക്ക് നൽകിയ പരാതി നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 303/15 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (സി) | ഏതെല്ലാം പരാതികളിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായെന്നു വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ